**File No.DT/4468/2019-C1**

"ഭരണഭാഷ-മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

<u>**വളരെ അത്യാവശ്യം**</u>

തൊഴിൽ ഭവൻ, തിരുവനന്തപുരം
നമ്പർ: തീയതി: 27/08/2019

പ്രേഷിതൻ
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്
എല്ലാ സർക്കാർ /സ്വകാര്യ ഐ ടി ഐ പ്രിൻസിപ്പാൾമാർക്കും
(വകുപ്പ് വെബ്സൈറ്റ് മുഖേന)

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് സർക്കാർ സ്വകാര്യ ഐ ടി ഐ ട്രേഡുകളിലെ എസ്.സി/എസ്.ടി വിഭാഗങ്ങളിലെ സംവരണ സീറ്റുകളിൽ പൊതുവിഭാഗത്തിന് പ്രവേശനം നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1. 23.12.2010-ലെ സ.ഉ. (സാധാ ) നമ്പർ 2017/2010 തൊഴിൽ നമ്പർ ഉത്തരവ്
2. 29/07/2019 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ കത്ത്.
3. ഈ കാര്യാലയത്തിലെ 07.08.2019 തീയതിയിലെ DT/361/2019-C1 നമ്പരായ കത്ത്

**********

മേൽ സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ഐ ടി ഐ കളിലെ പട്ടിക ജാതി / പട്ടിക വർഗ വിഭാഗങ്ങളുടെ സംവരണ സീറ്റുകളിലെയ്ക്ക് പൊതുവിഭാഗത്തിൽ നിന്ന് പ്രവേശനം നൽകുന്നതിനുള്ള മാർഗ നിർദേശങ്ങൾ സൂചന (2) പ്രകാരം വകുപ്പ് വെബ്സൈറ്റ് മുഖേന പ്രസിദ്ധീകരിച്ചിരുന്നു. സൂചന (3) കത്തിൽ സർക്കാർ/സ്വകാര്യ ഐ ടി ഐ കളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതിയും വകുപ്പ് വെബ്സൈറ്റ് മുഖേന പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൻ പ്രകാരമുള്ള അവസാന തീയതി വരെ പട്ടികജാതി / പട്ടികവർഗ വിഭാഗങ്ങളിൽ നിന്നുള്ള അപേക്ഷകൾ ലഭ്യമാക്കി ടി വിഭാഗങ്ങൾക്ക് തന്നെ പ്രവേശനം നൽകുന്നതിന് പത്രപരസ്യം, പട്ടികജാതി/ പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ സേവനം എന്നിങ്ങനെ സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള യുവജനങ്ങൾക്ക് മുഖ്യധാരയിലേയ്ക്ക് കടന്നുവരുന്നതിനും നൂതന തൊഴിൽ മേഖലകളിൽ പ്രാവീണ്യം ലഭിക്കുന്നതിനുമായി സർക്കാർ "One Tribe Family- One Job" പോലുള്ള നൂതന പദ്ധതികൾ ഗൌരവപൂർവം നടപ്പിലാക്കുകയാണ്. ആയതിനാൽ അതീവ താല്പര്യത്തോടുകൂടി ടി വിഷയത്തിൽ നടപടികൾ സ്വീകരിക്കണമെന്നറിയിക്കുന്നു.

**File No.DT/4468/2019-C1**

സൂചന(1) ൽ ആവശ്യപ്പെട്ട രേഖകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ADDITIONAL DIRECTOR
**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**